**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3346** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമിക്ക് പട്ടയം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജ്, പോഞ്ഞിക്കര ദേശത്ത് മേരി തോമസ്, ലില്ലി പീറ്റർ, റഫേൽ നടുവത്തേഴത്ത് എന്നിവർ 40 വർഷത്തിലേറെയായി കൈവശംവെച്ച് അനുഭവിച്ചുവരുന്ന ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും ആയത് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജിൽ പോഞ്ഞിക്കര ദേശത്ത് മേരി തോമസ്, ലില്ലി പീറ്റർ, റാഫേൽ നടുവത്തേഴത്ത് എന്നിവർ 40 വർഷത്തിലേറെയായി കൈവശംവെച്ച് അനുഭവിച്ചുവരുന്ന ഭൂമി റോഡ് കായൽ പുഴ പുറമ്പോക്കുകളിൽ ഉൾപ്പെട്ടുവരുന്നതാണ്. നിലവിലെ നിയമപ്രകാരം റോഡ് കായൽ പുഴ പുറമ്പോക്കുകൾ പതിവിന് വിധേയമല്ല. |
| (ബി) | റവന്യൂ വകുപ്പിലെ 10567/എ3/2016, 156/ എ3/2022 നമ്പർ ഫയലിലും, ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ എൽ.ആർ.ജെ7/4406/13 നമ്പർ ഫയലിലും എറണാകുളം ജില്ലാ കളക്ടറേറ്റിലെ എൽ1/65280/12 നമ്പർ ഫയലിലും നിരവധി തവണ സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ബി) | അപേക്ഷ പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ അപേക്ഷാ ഭൂമി റോഡ് കായൽ പുഴ പുറമ്പോക്കുകളിൽ ഉൾപ്പെട്ടു വരുന്നതിനാൽ പട്ടയ നടപടികൾ പൂർത്തിയാക്കിയിട്ടില്ലാത്തതാണ്. |
| (സി) | 10567/എ3/2016 നമ്പർ ഫയലിൽ റവന്യൂ(എ)വകുപ്പ് 12.02.2016-ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (സി) | കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | 26.09.2022-ന് റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ 156/എ3/2022 നമ്പർ ഫയലിൽ റവന്യൂ(എ)വകുപ്പ് 09.11.2022-ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ഡി) | അപേക്ഷ പരിശോധിച്ച് വ്യക്തമായ ശുപാർശ സഹിതമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിന് 26/11/2022ന് എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഇ) | മേൽ ഫയലുകളിൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ഇ) | ടി വിഷയത്തിൽ 30/01/2016ന് എൽ.ആർ.ജെ7/4406/2013 നമ്പരായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | 50 വർഷത്തിലധികമായി ഭൂമി കൈവശം വെച്ച് അനുഭവിക്കുന്ന കുടുംബങ്ങളുടെ ദയനീയ സ്ഥിതി കണക്കിലെടുത്ത് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | അപേക്ഷാ ഭൂമി റോഡ് കായൽ പുഴ പുറമ്പോക്കുകളിൽ ഉൾപ്പെട്ടു വരുന്നതിനാൽ പ്രസ്തുത ഭൂമി കൈവശം വച്ചു വരുന്നവർക്ക് ചട്ട പ്രകാരം പട്ടയം നൽകുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ

എൽ.ആർ.(ജെ)7-4406/2013

ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം,
തീയതി 30.01.2016

04 FEB 2016

10567

കമ്മിഷണർ,
ലാന്റ് റവന്യു.

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യു (എ) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: ഭൂമി പതിവ് - സംബന്ധിച്ച്:

**സൂചന :** എറണാകുളം ജില്ലാകളക്ടറുടെ 23.12.2015 ലെ എൽ1-65280/12 നമ്പർ റിപ്പോർട്ട്:

********

മേൽ സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീമതി. മേരി മുതൽപേർ ബഹു. റവന്യു വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാകളക്ടർ സമർപ്പിച്ച റിപ്പോർട്ടാണ് സൂചന പ്രകാരമുള്ളത്. കക്ഷികളുടെ കൈവശ ഭൂമികൾ പരിശോധിച്ചതിൽ അപേക്ഷാ വസ്തുക്കൾ റോഡ് പുറമ്പോക്കായും കായൽ പുറമ്പോക്കായും കാണുന്നുയെന്ന് ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്യുന്നു. 40 വർഷത്തിലധികമായി ടി ഭൂമിയിൽ താമസിച്ചു വരുന്നവരായതിനാൽ ടി വസ്തുക്കൾ ഇനം മാറ്റി സർക്കാർ പുറമ്പോക്ക് ആക്കിയതിനു ശേഷം അപേക്ഷാ കക്ഷികൾക്ക് പട്ടയം നൽകിയാൽ മാത്രമേ പരാതിക്ക് പരിഹാരമാകുകയുള്ളു എന്നും ജില്ലാകളക്ടർ സൂചന പ്രകാരം റിപ്പോർട്ട് ചെയ്യുന്നു. നിലവിൽ പുഴ/കായൽ പുറമ്പോക്കായി സ്ഥിതി ചെയ്യുന്ന ഈ ഭൂമി പതിച്ചു നൽകുവാൻ നിർവ്വാഹമില്ലാത്തതാണെന്നുള്ള വിവരം സൂചനാ പകർപ്പ് സഹിതം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

അംഗീകാരത്തോടെ,

ബി. ബീന
അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ)
ജോയിന്റ് കമ്മീഷണർക്കു വേണ്ടി.

<u>ഉള്ളടക്കം:</u>

ഉറ